CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വിശുദ്ധ കുർബാനയുടെ ആഴങ്ങളിലേക്ക്

www.christianmusicologicalsocietyofindia.com



www.christianmusicologicalsocietyofindia.com

എന്റെ ഓർമ്മയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ.
(1 കോറി. 11:24)

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വിശുദ്ധ കുർബാനയുടെ ആഴങ്ങളിലേക്ക്

www.christianmusicologicalsocietyofindia.com

## ഉള്ളടക്കം

Page No.


Part - 1 വി.കുർബാന ക്രൈസ്തവജീവിതത്തിന്റെ ശക്തികേന്ദ്രം ....15

Part - 2 വിശുദ്ധ കുർബാനയെ സാത്താൻ ഭയപ്പെടുന്നതിനു കാരണം....22

Part - 3 സീറോ മലബാർ കുർബാനയിലെ ആരാധനാവത്സരങ്ങളും പ്രധാനഭാഗങ്ങളും

- ആരാധനാവത്സരങ്ങൾ....24
- ആമുഖശുശ്രൂഷ....26
- വചനശുശ്രൂഷ....31
- ഒരുക്കശുശ്രൂഷ....36
- അനഫൊറ....40
- അനുരഞ്ജനശുശ്രൂഷ....48
- ദൈവൈക്യശുശ്രൂഷ....53


www.christianmusicologicalsocietyofindia.com

Published by: **Athmaraksha Media, USA**
Email : **athmaraksha@gmail.com**

Edited by: **Rev. Dr. Joseph Vattakalam**
Phone : **+91 94460 37869**

www.christianmusicologicalsocietyofindia.com

**Note:-** വിശുദ്ധ കുർബാനയെന്ന മഹാരഹസ്യത്തെ ആഴത്തിൽ മനസ്സിലാക്കുവാനും, കൂടുതൽ സ്നേഹിക്കുവാനും, ഫലദായകമാക്കുവാനും സഹായിക്കുന്ന ഈ ചെറുഗ്രന്ഥം ഒരു പ്രാവശ്യമെങ്കിലും വായിച്ചു ധ്യാനിച്ചുകൊണ്ട് വിശുദ്ധ ബലിയിൽ പങ്കെടുക്കുക. ഇത് **Athmaraksha** മൊബൈൽ ആപ്പിൽ **'വായനകൾ'** എന്ന കാറ്റഗറിയിൽ ലഭ്യമാണ്. പ്ലേസ്റ്റോറിലോ ആപ്പ്സ്റ്റോറിലോ **Athmaraksha** എന്നു ടൈപ്പ് ചെയ്ത് സേർച്ച് ചെയ്ത് മൊബൈൽ ഫോണിൽ ഇൻസ്റ്റാൾ ചെയ്യാവുന്നതാണ്.

*ഈ പുസ്തകം സ്പോൺസർ ചെയ്ത്*
*നിങ്ങളുടെ ഇടവകയിലോ, പ്രാർത്ഥനാകൂട്ടായ്മയിലോ*
*മറ്റു സ്ഥലങ്ങളിലോ വിതരണം ചെയ്യാൻ*
*ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക.*

athmaraksha@gmail.com
India: +91 94460 37869, 94471 63207
USA: +1 972 821 2224

www.christianmusicologicalsocietyofindia.com

**George Cardinal Alencherry**
Major Archbishop
Syro-Malabar Church

CHRISTIAN MUSICOLOGICAL SOCIETY OF INDIA

Prot.No.1676/2019

# ആശംസ

20 November 2019

''ഇതെന്റെ ഓർമ്മയ്ക്കായി ചെയ്യുവിൻ'' (ലൂക്കാ 22:19) എന്നു ശിഷ്യൻമാരോട് കല്പിച്ചുകൊണ്ടാണ് സെഹിയോൻ ഊട്ടുശാലയിൽവച്ച് ഈശോ വി.കുർബാന സ്ഥാപിച്ചത്. ഈശോയുടെ ഈ കല്പന ശിരസ്സാവഹിച്ചുകൊണ്ട് ആദിമ സമൂഹം അപ്പംമുറിക്കൽശുശ്രൂഷ നടത്തിയിരുന്നു. ബലിയും വിരുന്നുമായ വി.കുർബാന തിരുസഭ ഇന്നും ഇടമുറിയാതെ ആഘോഷിക്കുന്നു. സഭയെ രൂപപ്പെടുത്തുകയും പടുത്തുയർത്തുകയും ചെയ്യുന്ന വി.കുർബാന നമ്മൾ വിശ്വസിക്കേണ്ടതും ആഘോഷിക്കേണ്ടതും ജീവിക്കേണ്ടതുമായ മഹാരഹസ്യമാണ്. ഈശോയുടെ ജനനം മുതൽ സ്വർഗ്ഗാരോഹണം വരെയുള്ള കാര്യങ്ങൾ രഹസ്യാത്മകമായി പുനരവതരിപ്പിക്കപ്പെടുന്ന വി. കുർബാനയിൽ ബോധപൂർവകവും ക്രിയാത്മകവും ഫലദായകവുമായി പങ്കെടുക്കുവാൻ അതിലെ പ്രാർത്ഥനകളുടെയും കർമ്മങ്ങളുടെയും അർത്ഥം നമ്മൾ മനസ്സിലാക്കണം.

വി.കുർബാനയിലെ വിവിധ ഘടകങ്ങൾ തമ്മിലുള്ള ബന്ധവും അവയിലെ ഓരോ പ്രാർത്ഥനയുടെയും കർമ്മാനുഷ്ഠാനത്തിന്റെയും അർത്ഥാന്തരങ്ങളും വളരെ സമ്യക്കായി പ്രതിപാദിക്കുന്ന ഈ ഗ്രന്ഥം വി.കുർബാനയെക്കുറിച്ച് അറിയുവാൻ സഹായിക്കുന്ന ഒരു കൈപ്പുസ്തകമാണ്. ബലിയാകുവാനും ബലിയേകുവാനുമായി കാലിത്തൊഴുത്തിൽ ജനിച്ച് കാൽവരിയിൽ ജീവാർപ്പണം ചെയ്ത ഈശോയുടെ രക്ഷാരഹസ്യങ്ങളുടെ അനാവരണമായ വി.കുർബാനയെക്കുറിച്ച് ഒരു വിശ്വാസിയുടെ കാഴ്ചപ്പാടിൽനിന്ന് എഴുതിയിരിക്കുന്ന ഈ ഗ്രന്ഥത്തിലെ ഭാഷ ലളിതവും ഗ്രാഹ്യവുമാണ്.

'കൂദാശകളുടെ കൂദാശ' എന്നറിയപ്പെടുന്ന വി.കുർബാനയിൽ സജീവവും ക്രിയാത്മകവുമായി പങ്കുചേരാൻ വിശ്വാസികളെ സഹായിക്കുകയെന്നത് പ്രധാനമായ കാര്യമാണ്. അതിനുതകുന്ന രീതിയിൽ സീറോമലബാർ കുർബാനക്രമത്തിലെ പ്രാർത്ഥനകളുടെയും കർമ്മാനുഷ്ഠാനങ്ങളുടെയും ആരാധനക്രമവസ്തുക്കളുടെയും അർത്ഥം വിശദീകരിക്കുന്ന ഗ്രന്ഥമാണിത്. 'വിശുദ്ധ കുർബാനയുടെ ആഴങ്ങളിലേക്ക്' എന്ന പേരിൽ ശ്രീ. ജേക്കബ് തോമസ് രചിച്ചിരിക്കുന്ന ഈ പുസ്തകം അനേകർക്ക് വി. കുർബാനയെന്ന വലിയ രഹസ്യത്തെ ആഴത്തിൽ അടുത്തറിയാനും കൂടുതൽ സ്നേഹിക്കാനും കാരണമാകട്ടെ. ഈ ഗ്രന്ഥം രചിക്കുവാനായി അക്ഷീണം പരിശ്രമിച്ച ശ്രീ ജേക്കബ് തോമസിനെ അഭിനന്ദിക്കുന്നതോടൊപ്പം, ഈ പുസ്തകത്തിന് പ്രചുരപ്രചാരം ആശംസിക്കുകയും ചെയ്യുന്നു.

+ Geo Alencherry

MAR GEORGE ALENCHERRY
MAJOR ARCHBISHOP OF THE SYRO-MALABAR CHURCH

**കർദ്ദിനാൾ ജോർജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ ആർച്ചുബിഷപ്പ്

The Syro - Malabar Major Archiepiscopal Curia
Mount St. Thomas, P.B.No. 3110, P.O. Kakkanad, Kochi - 682 030, Kerala, India
Tel: (0484) 2424780, 2424768, 2426235; Fax: (0484) 2422727. E-mail: majorarchbishop@gmail.com, Website:www.syromalabarchurch.in

www.christianmusicologicalsocietyofindia.com

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

# വിശുദ്ധ കുർബാനയും
# വിശുദ്ധരുടെ മൊഴികളും

www.christianmusicologicalsocietyofindia.com



മാലാഖമാർക്കോ പ്രധാനദൂതന്മാർക്കോ നൽകപ്പെട്ടിട്ടില്ലാത്ത ഒരധികാരം വൈദികർ ദൈവത്തിൽനിന്ന് സ്വീകരിച്ചിട്ടുണ്ട്. വൈദികർ ഈ ലോകത്തിൽ ചെയ്യുന്നത് ദൈവം ഉന്നതത്തിൽ സ്ഥിരീകരിക്കുന്നു.

നമ്മൾ സഹിക്കുമ്പോൾ ആ സഹനം വിശുദ്ധ കുർബാനയിലൂടെ സമർപ്പിക്കുമ്പോൾ ദൈവം നമ്മുടെ കടക്കാരനായിത്തീരുകയാണ്.

**വിശുദ്ധ ജോൺ ക്രിസോസ്റ്റം**



അൾത്താരയിൽ ദിവ്യബലിക്കായി അണയുമ്പോൾ ഒരു മന്ത്രം ഉരുവിടുക: 'ഇതെന്റെ ആദ്യ ബലിപോലെ, ഇതെന്റെ അന്ത്യബലിപോലെ, ഇതെന്റെ ഏകബലിപോലെ'.

ഈ ലോകത്തിലെ മുഴുവൻ നന്മപ്രവൃത്തികളും ഒരു വിശുദ്ധ കുർബ്ബാനയ്ക്കു പകരമായി വയ്ക്കുക; ആ നന്മകൾ വിശുദ്ധ കുർബാന എന്ന പർവ്വതത്തിനു മുമ്പിലെ മണൽത്തരിക്കു സമമായിരിക്കും.

പരിശുദ്ധ ദിവ്യകാരുണ്യം സ്വീകരിക്കുമ്പോൾ നമുക്കു പലതും അസാധാരണമായി അനുഭവപ്പെടും. അത് ആനന്ദം, സുഗന്ധം, ശരീരത്തെ ത്രസിപ്പിക്കുന്ന ഒരു ഉന്മേഷം ഇവയിൽ ഏതുമാകാം.

**വിശുദ്ധ ജോൺ മരിയ വിയാനി**

www.christianmusicologicalsocietyofindia.com

CHRISTIAN MUSICOLOGICAL SOCIETY OF INDIA

# വിശുദ്ധ കുർബാനയും തിരുവചനങ്ങളും

www.christianmusicologicalsocietyofindia.com

❖ കർത്താവായ യേശു, താൻ ഒറ്റിക്കൊടുക്കപ്പെട്ട രാത്രിയിൽ, അപ്പമെടുത്ത്, കൃതജ്ഞതയർപ്പിച്ചതിനുശേഷം, അതു മുറിച്ചുകൊണ്ട് അരുളിച്ചെയ്തു: ഇത് നിങ്ങൾക്കുവേണ്ടിയുള്ള എൻെറ ശരീരമാണ്. എൻെറ ഓർമയ്ക്കായി നിങ്ങൾ ഇതു ചെയ്യുവിൻ. അപ്രകാരം തന്നെ, അത്താഴത്തിനുശേഷം പാനപാത്രമെടുത്ത് അരുളിച്ചെയ്തു: ഇത് എൻെറ രക്തത്തിലുള്ള പുതിയ ഉടമ്പടിയാണ്; നിങ്ങൾ ഇതു പാനംചെയ്യുമ്പോഴെല്ലാം എൻെറ ഓർമയ്ക്കായി ചെയ്യുവിൻ. നിങ്ങൾ ഈ അപ്പം ഭക്ഷിക്കുകയും ഈ പാത്രത്തിൽനിന്നു പാനം ചെയ്യുകയും ചെയ്യുമ്പോഴെല്ലാം കർത്താവിൻെറ മരണം, അവൻെറ പ്രത്യാഗമനംവരെ പ്രഖ്യാപിക്കുകയാണ് ചെയ്യുന്നത്. തൻമൂലം, ആരെങ്കിലും അയോഗ്യതയോടെ കർത്താവിൻെറ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽനിന്നു പാനംചെയ്യുകയും ചെയ്താൽ അവൻ കർത്താവിൻെറ ശരീരത്തിനും രക്തത്തിനും എതിരേ തെറ്റുചെയ്യുന്നു. അതിനാൽ, ഓരോരുത്തരും ആത്മശോധന ചെയ്തതിനുശേഷം ഈ അപ്പം ഭക്ഷിക്കുകയും പാത്രത്തിൽ നിന്നു പാനംചെയ്യുകയും ചെയ്യട്ടെ. എന്തുകൊണ്ടെന്നാൽ, ശരീരത്തെ വിവേചിച്ചറിയാതെ ഭക്ഷിക്കുകയും പാനംചെയ്യുകയും ചെയ്യുന്നവൻ തൻെറ തന്നെ ശിക്ഷാവിധിയാണു ഭക്ഷിക്കുന്നതും പാനംചെയ്യുന്നതും (1 കോറിന്തോസ് 11:23-29).

❖ അവർ ഭക്ഷിച്ചുകൊണ്ടിരിക്കുമ്പോൾ യേശു അപ്പമെടുത്ത് ആശീർവദിച്ചു മുറിച്ച് ശിഷ്യൻമാർക്കു കൊടുത്തുകൊണ്ട് അരുളിച്ചെയ്തു: വാങ്ങി ഭക്ഷിക്കുവിൻ; ഇത് എൻെറ ശരീരമാണ്. അനന്തരം പാനപാത്രമെടുത്ത് കൃതജ്ഞതാസ്തോത്രം ചെയ്ത് അവർക്കു കൊടുത്തുകൊണ്ടു പറഞ്ഞു: നിങ്ങളെല്ലാവരും ഇതിൽ നിന്നു പാനം ചെയ്യുവിൻ. ഇതു പാപമോചനത്തിനായി അനേകർക്കുവേണ്ടി ചിന്തപ്പെടുന്നതും ഉടമ്പടിയുടേതുമായ എൻെറ രക്തമാണ് (മത്തായി 26:26-28).

www.christianmusicologicalsocietyofindia.com

❖ മനുഷ്യൻ ഭക്ഷിക്കുന്നതിനുവേണ്ടി സ്വർഗത്തിൽനിന്നിറങ്ങിയ അപ്പമാണ്. ഇതു ഭക്ഷിക്കുന്നവൻ മരിക്കുകയില്ല. സ്വർഗത്തിൽ നിന്നിറങ്ങിയ ജീവനുള്ള അപ്പം ഞാനാണ്. ആരെങ്കിലും ഈ അപ്പത്തിൽനിന്നു ഭക്ഷിച്ചാൽ അവൻ എന്നേക്കും ജീവിക്കും. ലോകത്തിൻെറ ജീവനുവേണ്ടി ഞാൻ നൽകുന്ന അപ്പം എൻെറ ശരീരമാണ്. (യോഹന്നാൻ 6:50-51).

❖ നാം ആശീർവ്വദിക്കുന്ന അനുഗ്രഹത്തിൻെറ പാനപാത്രം ക്രിസ്തുവിൻെറ രക്തത്തിലുള്ള ഭാഗഭാഗിത്വമല്ലേ? നാം മുറിക്കുന്ന അപ്പം ക്രിസ്തുവിൻെറ ശരീരത്തിലുള്ള ഭാഗഭാഗിത്വമല്ലേ?. അപ്പം ഒന്നേയുള്ളു. അതിനാൽ, പലരായിരിക്കുന്ന നാം ഒരു ശരീരമാണ്. എന്തെന്നാൽ, ഒരേ അപ്പത്തിൽ നാം ഭാഗഭാക്കുകളാണ്. ബലിവസ്തുക്കൾ ഭക്ഷിക്കുന്നവർക്കല്ലേ ബലിപീഠത്തിലെ ഭാഗഭാഗിത്വം? (1 കോറിന്തോസ് 10:16-18).

❖ നീതിമാൻെറ ബലി, ബലിപീഠത്തെ അഭിഷേകം ചെയ്യുന്നു; അതിൻെറ സുഗന്ധം അത്യുന്നതൻെറ സന്നിധിയിലേക്ക് ഉയരുന്നു (പ്രഭാഷകൻ 35:8).

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com
CHRISTIAN MUSICOLOGICAL SOCIETY OF INDIA

CHRISTIAN
MUSICOLOGICAL
SOCIETY OF INDIA

www.christianmusicologicalsocietyofindia.com
www.christianmusicologicalsocietyofindia.com

**Vishudha Qurbanayude Azhangalilekku**
(Spiritual)

First edition: March 2020

Copyright © 2020 by Athmaraksha Media
All rights reserved.